**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4310** **28-10-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ബോർഡിലെ ക്രമവിരുദ്ധമായ തസ്തിക സൃഷ്ടിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി ബോർഡിൽ പ്രതീക്ഷിത ഒഴിവുകളെക്കാൾ കൂടുതൽ സൂപ്പർ ന്യൂമററി തസ്തികകൾ മന്ത്രിസഭയുടെ അനുമതിയില്ലാതെ സൃഷ്ടിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പാലക്കാട് ഇൻഡസ്ട്രീയൽ ട്രൈബ്യൂണലിന്റെ ഡി.27/22 കേസിൽ 15.12.2004 – ൽ പുറപ്പെടുവിച്ച വിധിയെ തുടർന്ന് കെ.എസ്.ഇ.ബി ലിമിറ്റഡിൽ പെറ്റി കോൺട്രാക്ട്–ഇലക്ട്രിസിറ്റി വർക്കർ നിയമനത്തിനായി പ്രതീക്ഷിത ഒഴിവുകളേക്കാൾ കൂടുതൽ സൂപ്പർ ന്യൂമററി തസ്തികകളിൽ മന്ത്രിസഭയുടെ അനുമതിയില്ലാതെ നിയമനം നൽകിയിട്ടുണ്ട്. എന്നാൽ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങാതെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ 87 ഉദ്യോഗാർത്ഥികൾക്ക് സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകാമെന്ന് Writ Appeal No. 1099/2020-ൽ കെ.എസ്.ഇ.ബി.എൽ-നു വേണ്ടി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സത്യവാങ്മൂലം സമർപ്പിക്കുകയുണ്ടായി. പ്രസ്തുത കേസിൻമേലുണ്ടായ കോടതി അലക്ഷ്യ നടപടികൾ ഒഴിവാക്കുന്നതിനായി സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകുന്നതിനുള്ള അംഗീകാരത്തിനായി കെ.എസ്.ഇ.ബി ലിമിറ്റഡ് 15.08.2021-ലെ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കത്തുപ്രകാരം സർക്കാരിനെ സമീപിക്കുകയുണ്ടായി, എന്നാൽ ഡയറക്ടർ ബോർഡിന്റേയോ സർക്കാരിന്റേയോ മുൻകൂർ അനുമതിയില്ലാതെ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകാമെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുൻപാകെ സത്യവാങ്മൂലം സമർപ്പിക്കാനിടയായ സാഹചര്യത്തെക്കുറിച്ച് ഉചിതതലത്തിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുവാനും കെ.പി.എസ്.സി അഡ്വൈസ് നൽകിയ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നത് സംബന്ധിച്ച വിഷയത്തിൽ നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ |

| | | | |
|---|---|---|---|
| | | | ഉത്തരവിൻമേൽ തുടർ നടപടി സ്വീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | ഇത് മൂലം ബോർഡിനുണ്ടാകുന്ന അധികച്ചെലവ് കണ്ടെത്തുന്നതിനായി വൈദ്യുതി നിരക്ക് കൂട്ടേണ്ടി വരുമെന്ന സാഹചര്യം തടയുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | (ബി) | വൈദ്യുതി ചാർജ്ജ് കൂട്ടേണ്ട സാഹചര്യം ഇല്ല. ഇപ്രകാരം ഒരു സത്യവാങ്മൂലം കോടതിയിൽ സമർപ്പിക്കാനുണ്ടായ സാഹചര്യം അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കെ.എസ്.ഇ.ബി ലിമിറ്റഡ് ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രാഥമിക അന്വേഷണത്തിന്മേലുള്ള തുടർനടപടികൾ ബോർഡ് സ്വീകരിക്കുകയും റിപ്പോർട്ടിൽ പരാമർശിച്ചവരുടെ വിശദീകരണം ചോദിച്ചിട്ടുമുണ്ട്. |
| (സി) | ഇതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | വൈദ്യുതി ചാർജ്ജ് കൂട്ടേണ്ട സാഹചര്യം ഇല്ല. ഇപ്രകാരം ഒരു സത്യവാങ്മൂലം കോടതിയിൽ സമർപ്പിക്കാനുണ്ടായ സാഹചര്യം അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കെ.എസ്.ഇ.ബി ലിമിറ്റഡ് ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രാഥമിക അന്വേഷണത്തിന്മേലുള്ള തുടർനടപടികൾ ബോർഡ് സ്വീകരിക്കുകയും റിപ്പോർട്ടിൽ പരാമർശിച്ചവരുടെ വിശദീകരണം ചോദിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ